ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:10.02.2025

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ്-യുഎസ് സന്ദർശനത്തിന് ഇന്ന് തുടക്കമായി.

   പാരിസിൽ നടക്കുന്ന എ.ഐ ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും

2. കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ചകൾ പാർലമെന്റിന്റെ ഇരുസഭകളിലും ഇന്ന് നടന്നു. കിഫ്ബി വിഷയത്തിൽ നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്.

3. സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾക്ക്, വീട് വെക്കാൻ അനുമതി നൽകുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ .

4. വ്യാജ സൗന്ദര്യ വർദ്ധക വസ്തുക്കൾ വിപണിയിലെത്തുന്നത് തടയാൻ സംസ്ഥാനത്ത് പരിശോധന കർശനമാക്കിയതായി മന്ത്രി വീണാ ജോർജ്.

5. കൊല്ലം കോർപ്പറേഷൻ മേയർ പ്രസന്ന ഏണസ്റ്റ് രാജിവച്ചു.

6. ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഒഡീഷ - പഞ്ചാബ് എഫ് സിയെ നേരിടും

PNU TVPM

******************************

## പ്രധാനമന്ത്രി - ഫ്രാൻസ്

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ്-യുഎസ് സന്ദർശനത്തിന് ഇന്ന് തുടക്കമായി. പാരിസിൽ നടക്കുന്ന മൂന്ന് ദിവസത്തെ എ.ഐ ഉച്ചകോടിയ്ക്ക് ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവേൽ മാക്രോയ്ക്കൊപ്പം, പ്രധാനമന്ത്രി ഇന്ന് സംയുക്ത അധ്യക്ഷത വഹിക്കും. നിർമിത ബുദ്ധിയിലെ നൂതന സാധ്യതകളെക്കുറിച്ചും, ഉത്തരവാദിത്തത്തോടെയുള്ള എ.ഐ ഉപയോഗത്തെക്കുറിച്ചുമുള്ള ചർച്ചകൾ ഉച്ചകോടിയിൽ നടക്കും. ഫ്രഞ്ച് നഗരമായ മാർസേയിലെ ആദ്യ ഇന്ത്യൻ കോൺസുലേറ്റിൻറെ ഉദ്ഘാടനവും ശ്രീ മോദി നിർവഹിക്കും. ഇന്ത്യ-ഫ്രാൻസ് നയതന്ത്ര പങ്കാളിത്തത്തിൻറെ പുരോഗതി വിലയിരുത്താനുള്ള അവസരമായാണ് സന്ദർശനത്തെ കാണുന്നതെന്ന് യാത്രയ്ക്ക് മുന്നോടിയായുള്ള പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. ഫ്രഞ്ച് സന്ദർശനം പൂർത്തിയാക്കി ശ്രീ മോദി മറ്റന്നാൾ അമേരിക്കയിലേക്ക് തിരിക്കും. യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ ക്ഷണപ്രകാരണമാണ് സന്ദർശനം. സാങ്കേതിക, വ്യാപാര, പ്രതിരോധ മേഖലകളിൽ ഇന്ത്യ-യുഎസ് ബന്ധം ശക്തിപ്പെടുത്താൻ സന്ദർശനം സഹായിക്കുമെന്നാണ് വിലയിരുത്തൽ.

******************************

## പരീക്ഷാ പേ ചർച്ച - പി എം ( ഇൻട്രോ)

സമഗ്ര വികസനത്തിൽ വിദ്യാഭ്യാസത്തിൻറെ പങ്ക് വളരെ വലുതാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പുസ്തകങ്ങളിൽ കുടുങ്ങി കിടന്നാൽ വിദ്യാർത്ഥികൾക്ക് വളരാൻ സാധിക്കില്ലെന്ന് പറഞ്ഞ പ്രധാനമന്ത്രി, പരീക്ഷകളിൽ മികച്ച പ്രകടനം കാഴ്ച വെക്കുന്നതിന് ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്യണമെന്നും നിർദേശിച്ചു. പരീക്ഷാ തയ്യാറെടുപ്പ്, സമ്മർദ്ദം അതിജീവിക്കൽ

PNU TVPM

എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളുമായും, രക്ഷിതാക്കളുമായും, അധ്യാപകരുമായും ആശയങ്ങൾ പങ്കുവയ്ക്കുന്ന പരീക്ഷാ പേ ചർച്ചയുടെ എട്ടാം പതിപ്പിൽ സംവദിക്കുകയായിരുന്നു അദ്ദേഹം. പഠനത്തിൽ ഉറക്കത്തിൻറെ പ്രാധാന്യത്തെ കുറിച്ചും ശ്രീ നരേന്ദ്ര മോദി കുട്ടികളോട് വിശദീകരിച്ചു.

(വോയ്സ്)

**************************

## കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ച

2025-26 സാമ്പത്തിക വർഷത്തിലെ കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ച പാർലമെൻറിൻറെ ഇരുസഭകളിലും ഇന്ന് നടന്നു. കോർപ്പറേറ്റ് അനുകൂലമായ ബജറ്റാണിതെന്നും, തൊഴിലില്ലായ്മ, പണപ്പെരുപ്പം എന്നിവയുൾപ്പെടെ ജനങ്ങൾ നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ബജറ്റ് പരാജയപ്പെട്ടുവെന്നും പ്രതിപക്ഷ അംഗങ്ങൾ ചർച്ചയിൽ ആരോപിച്ചു. എന്നാൽ രാജ്യത്തിൻറെ ക്ഷേമം മുൻ നിർത്തിയുള്ള ബജറ്റാണ് ഇതെന്നും, മൂന്നുവർഷത്തിനുള്ളിൽ ഇന്ത്യ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയായി മാറുമെന്നും ഭരണകക്ഷി അംഗങ്ങൾ ചൂണ്ടിക്കാട്ടി.

RNU TVPM

**************************

## നിയമസഭ ചർച്ച

2025-26 ലെ സംസ്ഥാന ബജറ്റ് സംബന്ധിച്ച ചർച്ചകൾക്ക് നിയമസഭയിൽ ഇന്ന് തുടക്കമായി. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറാണ് ചർച്ച ആരംഭിച്ചത്. എം. രാജഗോപാലൻ, മാത്യു കുഴൽനാടൻ, ആബിദ് ഹുസൈൻ തങ്ങൾ, മോൻസ് ജോസഫ് തുടങ്ങി ഇരുപക്ഷത്തു നിന്നും നിരവധി അംഗങ്ങൾ ചർച്ചയിൽ

പങ്കെടുത്തു. ബജറ്റിന്മേലുള്ള ചർച്ച സഭയിൽ ബുധനാഴ്ച വരെ തുടരും.

*************************

## മുഖ്യമന്ത്രി ഇൻട്രോ

താമസിക്കാൻ സ്വന്തമായി വീടില്ലാത്ത കുടുംബത്തിന് വീട് വെക്കാനുള്ള അനുമതി നൽകുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അർഹതപ്പെട്ടവർക്ക് ഡേറ്റാ ബാങ്കിൽപ്പെട്ടതായാലും, നെൽവയൽ-തണ്ണീർത്തട പരിധിയിൽപ്പെട്ടതായാലും വീടുവയ്ക്കാനായി ഗ്രാമപഞ്ചായത്തിൽ 10 സെന്റിനും നഗരത്തിൽ 5 സെന്റിനും അനുമതി നൽകേണ്ടതാണെന്ന് നിയമസഭയിൽ ടി.ഐ മധുസൂദനൻറെ ശ്രദ്ധ ക്ഷണിക്കലിനു മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി . നിലവിൽ ബന്ധപ്പെട്ട വകുപ്പുകളിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെങ്കിൽ അവ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം ഉറപ്പുനൽകി .

(ഹോൾഡ്)

*************************

## നിയമസഭ - വാക്കൗട്ട്

കിഫ്ബിയുടെ പ്രവർത്തനം താളംതെറ്റിയതായി ചൂണ്ടിക്കാട്ടി പ്രതിപക്ഷം കൊണ്ടുവന്ന ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. പ്രതിപക്ഷത്തു നിന്ന് റോജി എം ജോൺ ആണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. കിഫ്ബി പരാജയപ്പെട്ട മാതൃകയാണെന്നും, കിഫ്ബി റോഡുകളിൽ ടോൾ പിരിക്കാനുള്ള

RNU TVPM

സർക്കാർ നീക്കം പ്രതിഷേധാർഹമാണെന്നും പ്രതിപക്ഷം പറഞ്ഞു. എന്നാൽ കിഫ്ബി പ്രവർത്തനങ്ങളെ തകർക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെന്നും, 18,423 കോടി രൂപയുടെ പദ്ധതികൾ ഇതിനകം കിഫ്ബി വഴി പൂർത്തിയാക്കിയതായും മന്ത്രി കെ.എൻ ബാലഗോപാൽ മറുപടി നൽകി.

*************************

## വിഴിഞ്ഞം റെയിൽ കണക്ടിവിറ്റി

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേക്കുള്ള റെയിൽപാതയുടെ നിർമ്മാണം ഉടൻ ആരംഭിച്ച്, 2028 ഡിസംബറിനുള്ളിൽ പൂർത്തിയാക്കാനാണ് ശ്രമിക്കുന്നതെന്ന് മന്ത്രി വി എൻ വാസവൻ . കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡിനെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും മന്ത്രി നിയമസഭയിൽ വ്യക്തമാക്കി. നിർമാണപ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കൽ അന്തിമ ഘട്ടത്തിലാണെന്നും മന്ത്രി പറഞ്ഞു.

RNU TVPM

*************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*************************

## കോസ്മെറ്റിക് ഉത്പന്നങ്ങൾ

വ്യാജ സൗന്ദര്യ വർദ്ധക വസ്തുക്കൾ വിപണിയിലെത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായുള്ള സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ 'ഓപ്പറേഷൻ സൗന്ദര്യ' മൂന്നാം ഘട്ടം ആരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കഴിഞ്ഞ ദിവസങ്ങളിലായി 101 സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനയിൽ

ഒന്നര ലക്ഷത്തിലധികം രൂപയുടെ കോസ്മെറ്റിക് ഉത്പന്നങ്ങൾ പിടിച്ചെടുത്തു. മാനദണ്ഡങ്ങൾ പാലിക്കാത്ത 12 സ്ഥാപനങ്ങൾക്കെതിരെ കേസെടുത്തിട്ടുണ്ട്. ലിപ്സ്റ്റിക്, ഫേസ് ക്രീം, ബേബി പൗഡർ, ബേബി സോപ്പ്, ബേബി ഓയിൽ തുടങ്ങിയവയാണ് പ്രധാനമായും പരിശോധിച്ചത്.

**************************

## മേയർ രാജിവച്ചു

കൊല്ലം കോർപ്പറേഷൻ മേയർ പ്രസന്ന ഏണസ്റ്റ് രാജിവച്ചു. മുൻ ധാരണപ്രകാരം CPI പ്രതിനിധിക്ക് മേയർ പദവി നൽകുന്നതിന്റെ ഭാഗമായാണ് രാജി. CPM മേയർ പദവി ഒഴിയാത്തതിൽ പ്രതിഷേധിച്ച് CPI യുടെ ഡെപ്യൂട്ടി മേയർ കൊല്ലം മധുവും, 2 സ്റ്റാൻഡിങ്ങ് കമ്മിറ്റി അധ്യക്ഷരും കഴിഞ്ഞദിവസം രാജിവച്ചിരുന്നു.

PNU TVPM

**************************

## യുവജന വിനിമയ പരിപാടി

ആദിവാസി മേഖലകളിലെ പിന്നാക്ക അവസ്ഥ മാറണമെങ്കിൽ എല്ലാവരിലും വിദ്യാഭ്യാസം എത്തണമെന്ന് ശശി തരൂർ എം പി. നെഹ്റു യുവ കേന്ദ്ര യുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് നടക്കുന്ന ആദിവാസി യുവജന വിനിമയ പരിപാടിയിൽ പങ്കെടുത്തവരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം. നെഹ്റു യുവ കേന്ദ്ര സ്റ്റേറ്റ് ഡയറക്ടർ എം. അനിൽകുമാർ ചടങ്ങിൽ അധ്യക്ഷനായിരുന്നു.

**************************

## ചിലങ്ക നൃത്തോത്സവം

സാംസ്കാരികവകുപ്പിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ സംഘടിപ്പിക്കുന്ന ചിലങ്ക ശാസ്ത്രീയ നൃത്തോത്സവം ഈ മാസം 12 ന് ആരംഭിക്കും. മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം നിർവഹിക്കും. ഏഴു ദിവസം നീണ്ടുനിൽക്കുന്ന നൃത്തോത്സവത്തിൽ മോഹിനിയാട്ടം, ഭരതനാട്യം, കുച്ചിപ്പുടി, സത്രിയ , ഒഡീസി എന്നീ ഇനങ്ങളിലായി വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഇരുപത്തഞ്ച് നർത്തകർ പങ്കെടുക്കും.

*************************

## ശിവഗിരി

വർക്കല ശിവഗിരി ശ്രീനാരായണ ധർമസംഘം ട്രസ്റ്റിലെ ഏറ്റവും മുതിർന്ന അംഗം സ്വാമി വിദ്യാനന്ദ സമാധിയായി. 76 വയസ്സായിരുന്നു. വാർധക്യസഹജമായ അസുഖത്തെത്തുടർന്ന് ചികിത്സയിലായിരുന്നു.

RNU TVPM

*************************

## പാതിവില തട്ടിപ്പ് കേസ്

പാതിവില തട്ടിപ്പ് കേസ് അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറിക്കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവിറക്കി. ക്രൈംബ്രാഞ്ച് ADGP, എച്ച്.വെങ്കിടേഷിന്റെ നേതൃത്വത്തിലായിരിക്കും അന്വേഷണം . ഇനി ലഭിക്കുന്ന പരാതികളും ക്രൈംബ്രാഞ്ചിന് കൈമാറും. അതേസമയം കേസിലെ ഒന്നാം പ്രതി അനന്തു കൃഷ്ണനെ മൂവാറ്റുപുഴ കോടതി ഇന്ന് റിമാൻഡ് ചെയ്തു. ഉന്നതർ ഉൾപ്പെട്ട കേസായതിനാൽ തനിക്ക് സുരക്ഷ വേണമെന്ന് പ്രതി കോടതിയിൽ ആവശ്യപ്പെട്ടിരുന്നു.

*************************

## ചോദ്യചോർച്ച കേസ്

ക്രിസ്മസ് പരീക്ഷാ ചോദ്യപേപ്പർ ചോർച്ച കേസിൽ റിമാൻഡിലായിരുന്ന രണ്ട് പ്രതികളെ താമരശേരി കോടതി 5 ദിവസത്തേക്ക് ക്രൈം ബ്രാഞ്ച് കസ്റ്റഡിയിൽ വിട്ടു. ഫഹദ്, ജിഷ്ണു എന്നിവരെയാണ് കസ്റ്റഡിയിൽ വിട്ടത്.

**************************

## വേണാട് എക്സ്പ്രസ്

തിരുവനന്തപുരം-ഷൊർണൂർ വേണാട് എക്സ്പ്രസ്, നിലമ്പൂർ റോഡ് റെയിൽവെ സ്റ്റേഷൻ വരെ നീട്ടണമെന്ന ആവശ്യം പരിശോധിച്ച് വരികയാണെന്ന് റെയിൽവെ മന്ത്രി അശ്വനി വൈഷ്ണവ്. രാജ്യറാണി എക്സ്പ്രസിന്റെ എറണാകുളം വരെയുള്ള പകൽ സർവീസിന്റെ കാര്യം പരിഗണനയിലാണെന്നും രാജ്യസഭാ അംഗം പി.പി.സുനീറിന് അയച്ച കത്തിൽ കേന്ദ്രമന്ത്രി അറിയിച്ചു.

RNU TVPM

**************************

## ഐ എസ് എൽ

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഇന്ന് ഒഡീഷ - പഞ്ചാബ് എഫ് സിയെ നേരിടും. രാത്രി 07.30 ന് ഒഡീഷയിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

**************************

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു. സെൻസെക്സ് 548 പോയിന്റ് ഇടിഞ്ഞ് 77,311 ലും, നിഫ്റ്റി 178 പോയിന്റ് നഷ്ടത്തിൽ 23,381 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. സ്വർണ്ണവില കൂടി. പവന് 280 രൂപ വർധിച്ച് 63,840 രൂപയും ഗ്രാമിന് 7,980 രൂപയുമാണ് ഇന്നത്തെ വില.

*************************

## ജലനിരപ്പ് ഉയരാൻ സാധ്യത

പാടശേഖരങ്ങളിലുള്ള തോടുകളിലെ ഉപ്പ്വെള്ളത്തിന്റെ അളവ് ക്രമീകരിക്കുന്നതിനായി മണിയാർ അണക്കെട്ടിലെ വെള്ളം തുറന്നുവിടുന്നതിനാൽ പമ്പാനദിയിൽ ജലനിരപ്പ് ഉയരാൻ സാധ്യത. കക്കാട്ടാറിന്റെയും പമ്പയാറിന്റെയും തീരത്ത് താമസിക്കുന്നവരും മണിയാർ, പെരുനാട്, വടശ്ശേരിക്കര, റാന്നി, കോഴഞ്ചേരി, ആറന്മുള നിവാസികളും മാരാമൺ കൺവൻഷൻ സമ്മേളനത്തിന്റെ സംഘാടകരും ജാഗ്രത പുലർത്തണമെന്ന് പത്തനംതിട്ട ജില്ലാ കലക്ടർ അറിയിച്ചു.

***************************************************************************************************************************

RNU TVPM